[illegible]

[illegible] VIII

([illegible])

[illegible]

[illegible] (2019-20) [illegible]

[illegible]

[[illegible] 236 (3) [illegible]]

2020 [illegible]

[illegible]

[illegible]

2020

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII

# (സാമ്പത്തിക കാര്യങ്ങൾ)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

609/2020.

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2019- 2021)

### ഘടന

**അദ്ധ്യക്ഷൻ :**

ഡോ. ടി.എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

**എക്സ് ഒഫീഷ്യോ അംഗങ്ങൾ :**

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,

തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

**അംഗങ്ങൾ :**

ഡോ. എൻ. ജയരാജ്

ശ്രീ. വി. കെ. സി. മമ്മത്കോയ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. എം. ഉമ്മർ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ് , ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20), 28-5-2019- ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ച നടപടി പത്രികകൾ 10-3-2020, 23-7-2020 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിച്ചിരുന്നു.

രണ്ട് അദ്ധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം-I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം-II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2020 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

## അദ്ധ്യായം - I

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും.

### ധനാഭ്യർത്ഥന നമ്പർ VIII-എക്സൈസ്

#### ശിപാർശ (ഖണ്ഡിക നമ്പർ 20)

2039-00-001-99-02-3—മേൽനോട്ടം - വേതനം - മറ്റ് അലവൻസുകൾ

എക്സൈസ് വകുപ്പിന്റെ 2019-2020 വർഷത്തെ പ്രവർത്തനങ്ങൾക്ക് നിലവിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശപ്രകാരം ധനപുനഃവിനിയോഗത്തിനുള്ള അപേക്ഷയിന്മേലുള്ള നടപടി F3/113/2019 ഫയലിൽ സ്വീകരിച്ചുവരുന്നു. അധിക വിവരം എക്സൈസ് കമ്മീഷണറോട് ആരാഞ്ഞിരിക്കുന്നു.

#### ശിപാർശ (ഖണ്ഡിക നമ്പർ 21)

2039-00-001-99-05-4— മേൽനോട്ടം - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ദൈനംദിന ഓഫീസ് ചെലവുകൾക്ക് പുറമേ എല്ലാ ഓഫീസുകളിലുമുള്ള കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സംരക്ഷണത്തിനും സർവ്വീസിംഗിനും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

#### ശിപാർശ (ഖണ്ഡിക നമ്പർ 22)

2039-00-001-99-06— മേൽനോട്ടം - വാടക, കരം, നികുതി

609/2020.

സംസ്ഥാനത്ത് ഭൂരിഭാഗം എക്സൈസ് ഓഫീസുകളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള വാടക കാലാനുസൃതമായി പുതുക്കി കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതുണ്ട്. ആയതിനായി ഇപ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 23)

2039-00-001-99-15— മേൽനോട്ടം - രഹസ്യ സേവന ചെലവുകൾ

നർക്കോട്ടിക് ഡ്രഗ്സ് ഉൾപ്പെടുന്ന കേസുകളുടെ എണ്ണം മുൻകാലങ്ങളെക്കാൾ വർദ്ധിച്ചുവരുന്നതിനാലും, അന്താരാഷ്ട്ര ബന്ധമുള്ള ലഹരിമരുന്ന് വ്യാപാര കേസുകൾ തെളിയിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രതിഫല തുക നൽകേണ്ടി വരുന്നതിനാലും, നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 5.40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 24)

2039-00-001-99-21 - 2— മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് ഓഫീസുകളിൽ ഉപയോഗത്തിൽ ഇരിക്കുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും 10 വർഷത്തിനുമേൽ കാലപ്പഴക്കം ഉള്ളതിനാൽ അറ്റകുറ്റപ്പണികൾക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 25)</u>

2039-00-001-99-34 - 3— <u>മേൽനോട്ടം - മറ്റ് ചെലവുകൾ - മറ്റിനം</u>

എക്സൈസ് വകുപ്പിന്റെ ആസ്ഥാന, മേഖലാ ജില്ലാ കാര്യാലയങ്ങളിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഇ - ഓഫീസ്, ഇ - കർബ് എന്നിവയുടെ പരിപാലനത്തിനും, പരിഷ്കരണത്തിനും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 6.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 26)</u>

2039-00-001-99-45— <u>മേൽനോട്ടം - പി. ഒ. എൽ</u>

എക്സൈസ് ഓഫീസുകളിലേക്ക് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ കാലപ്പഴക്കംമൂലം ഇന്ധനക്ഷമത കുറഞ്ഞതിനാലും, കൂടുതൽ വാഹനങ്ങൾ വകുപ്പിലേക്ക് അനുവദിച്ചിട്ടുള്ളതിനാലും, കാലാനുസൃതമായി ഇന്ധന വിലയിലുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലും നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 27)</u>

2039-00-001-98-04-1— <u>റേഞ്ച് ഓഫീസുകൾ - യാത്രാ ചെലവുകൾ- യാത്രാബത്ത</u>

എക്സൈസ് വകുപ്പ് ജീവനക്കാർക്ക് ലഭിച്ച വേതന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ നടത്തുന്ന യാത്രക്ക് അനുസൃതമായി യാത്രാബത്ത നൽകേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച തുക ചിലവഴിച്ച് തീർന്നിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 28)</u>

2039-00-001-94-21-1— <u>എക്സൈസ് വകുപ്പിന്റെ നവീകരണം-മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ</u>

എക്സൈസ് വകുപ്പിൽ നവീകരണത്തിന്റെ ഭാഗമായി നിലവിൽ കാലപ്പഴക്കംകൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റി പുതിയ 13 ബൊലേറോ എൽ.എക്സ്. (ഒരെണ്ണത്തിന് 7.7 ലക്ഷം രൂപ) വാങ്ങുന്നതിനായി ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 വർഷം എക്സൈസ് വകുപ്പിലെ കാലപ്പഴക്കം ചെന്ന 70 വാഹനങ്ങൾ മാറ്റി വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 29)</u>

2039-00-001-88— <u>വിമുക്തി</u>

വിമുക്തി പദ്ധതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച ലഹരിമുക്ത കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി തുക അപര്യാപ്തമായതിനാൽ വിമുക്തി പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 20 കോടി രൂപയ്ക്ക് വേണ്ടി ഉപധനാഭ്യർത്ഥനകളുള്ള അപേക്ഷയിന്മേലുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ 30)</u>

2039-00-001-87— <u>സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം</u>

സംസ്ഥാനത്തെ സർക്കാർ/ സ്വകാര്യ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, ആയതിന്റെ ഭാഗമായി നിലവിൽ 3012 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ക്ലബ്ബുകളുടെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും വേണ്ടി അധിക തുക ആവശ്യമാകയാൽ ടി ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ധനപുനഃവിനിയോഗത്തിനുള്ള അപേക്ഷയിന്മേലുള്ള നടപടി F3/113/2019 ഫയലിൽ സ്വീകരിച്ചുവരുന്നു. അധിക വിവരം എക്സൈസ് കമ്മീഷണറോട് ആരാഞ്ഞിരിക്കുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ 31)</u>

2039-00-800-95— <u>ബോധവൽക്കരണവും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും</u>

എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 85.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി തുക അപര്യാപ്തമായതിനാൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കൂടി ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഉള്ള പദ്ധതി അപേക്ഷയിന്മേലുള്ള നടപടി സ്വീകരിച്ചുവരുന്നു.

[സർക്കാർ കത്ത് നമ്പർ നികുതി - എഫ്3/170/2019- നിവ. തീയതി 5-12-2019; 20 മുതൽ 31 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-3-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 32)</u>

2054-00-098-99— <u>ലോക്കൽ ഫണ്ട് ഓഡിറ്റ്- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്</u>

കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ 2015 മുതലുള്ള വാടക, കുടിശ്ശിക, പലിശ എന്നിവ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 30.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

11-2-2019-ലെ ധനകാര്യവകുപ്പിൽ നിന്നുള്ള എസ്റ്റാ ഡി 4/69/2018-ധന. (1046558) കത്തിൽ ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഫീ ഇനത്തിൽ ഓഡിറ്റ് വകുപ്പിന് നൽകാനുള്ള കുടിശ്ശികയിൽ നിന്നും പ്രസ്തുത വകുപ്പിന്റെ വാടക കുടിശ്ശിക അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

[സർക്കാർ കത്ത് നമ്പർ എസ്റ്റാ-ഡി4/1265331/2019/ധന. തീയതി 3-10-2019; 32-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്- ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-3-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 33)</u>

2047-00-103-99- 34(3)— <u>ദേശീയ സമ്പാദ്യ സംഘടന ഡയറക്ടറോഫീസ് - മറ്റ് ചെലവുകൾ - മറ്റിനം</u>

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആണ് സർക്കാർ വിഹിതമായി ഒടുക്കേണ്ടത്. 2019-2020 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം, അടയ്ക്കുന്നതിനായി 1.25748 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 1.4035997 കോടി രൂപയും ഉൾപ്പെടെ ആകെ 2.6611 കോടി രൂപ ആവശ്യമായിട്ടുള്ളതിനാൽ ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.661 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം "2047-00-103-85- matching contribution of the State Government to the welfare fund of MPKBY/SAS Agents" എന്ന ശീർഷകത്തിൽ 65 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി ബഡ്ജറ്റ് വിഹിതം

പൂർണ്ണമായും വിനിയോഗിച്ച ശേഷം സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നത് കൂടി കണക്കിലെടുത്ത് ക്ഷേമനിധി ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉചിത മാർഗ്ഗത്തിലൂടെ അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ34)

2047-00-103-99- 99— ദേശീയ സമ്പാദ്യ സംഘടന ഡയറക്ടറോഫീസ് വിവരസാങ്കേതിക വിദ്യ

ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ 2019-2020 സാമ്പത്തിക വർഷം ബയോമെട്രിക് പഞ്ചിംഗ്, ഇ-ഓഫീസ് എന്നിവ നടപ്പിലാക്കുന്നതിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈയിനത്തിൽ അധികമായി 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബയോമെട്രിക് പഞ്ചിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 5-1-2019-ലെ സ.ഉ. (സാധാ) നമ്പർ 5251/2019/ധന. നമ്പർ ഉത്തരവ് പ്രകാരം 12,10,000 രൂപ (പന്ത്രണ്ട് ലക്ഷത്തി പതിനായിരം രൂപ) അധിക ധനാനുമതിയിലൂടെ "2047-00-103-99-34 other charges 3 other items" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 35)

2047-00-103-87— ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ് ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2019-2020 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 17 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 29 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 സാമ്പത്തിക വർഷം "2047-00-103-87- ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം"എന്ന ശീർഷകത്തിൽ 175 കോടി രൂപ അനുവദിച്ചിരുന്നു. പ്രതിഫല

വിതരണത്തിന് ടി തുക അപര്യാപ്തമായതിനാൽ 17-1-2020-ലെ സ.ഉ. (സാധാ) നമ്പർ 477/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 44 കോടി രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ സി1/77/2019-ധന. (1275901) തീയതി 19-3-2020;

ഖണ്ഡിക നമ്പർ 33, 34, 35 എന്നിവയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-7-2020-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 42)</u>

2075-00-795-98— <u>ഈടാക്കാൻ കഴിയാത്ത വായ്പകൾ എഴുതിത്തള്ളൽ- വീട് വായ്പ എഴുതിത്തള്ളൽ</u>

ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽ സാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-2020 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 15 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷം 9 പേരുടെ വായ്പാ ബാദ്ധ്യത എഴുതിത്തള്ളുന്നതിന് അനുമതി നൽകിയതോടുകൂടി ബഡ്ജറ്റ് വിഹിതം അവസാനിച്ചിട്ടുള്ളതും അധിക ധനാനുമതിയ്ക്ക് ധനകാര്യ ബഡ്ജറ്റ് വകുപ്പിനെ സമീപിച്ചിട്ടുള്ളതുമാണ്. എന്നാൽ ബഡ്ജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള തുക സാമ്പത്തിക വർഷാവസാനം റെഗുലറൈസ് ചെയ്യാമെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്. 2019-20-ൽ ടി ശീർഷകത്തിൽ ആകെ 41,28,316 രൂപ (രജിസ്റ്റർ പ്രകാരം) ചെലവിടാനുള്ള അനുമതി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള 2019-20-ലെ മാർച്ച് വരെയുള്ള പ്രോഗ്രസീവ് പ്രതിമാസ ചെലവ് റിപ്പോർട്ട് പ്രകാരം ടി ഇനത്തിൽ ആകെ 20,11,000 രൂപ ചെലവ് വന്നിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള തുക റെഗുലറൈസ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 43)</u>

2075-00-800-09— <u>മറ്റ് ചെലവുകൾ - ഭവന നിർമ്മാണ വായ്പ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പഞ്ചാബ് നാഷണൽ ബാങ്കിനും ഫെഡറൽ ബാങ്കിനും നൽകേണ്ട പലിശ ധനസഹായം</u>

ബാങ്കിലേക്ക് വെന വായ്പാ പോർട്ട് പോളിയോ കൈമാറിയതിൽ പലിശയിനത്തിലെ തിരിച്ചടവിനുള്ള ഇൻവോയിസ് 2018-2019-ൽ നാളിതുവരെ ലഭിക്കാത്തതിനാൽ 2019-2020 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 9 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-2020 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 1000 രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 9 കോടി രൂപ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി സാമ്പത്തിക വർഷം ആകെ 6,45,84,000 രൂപയിൽ (ബഡ്ജറ്റ് വിഹിതവും ചേർത്തത്) 6,45,77,140 രൂപ ചെലവഴിച്ചു. ടി തുക റെഗുലറൈസ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 1265331/എച്ച്.ബി.എ/2019/ധന. തീയതി 3-6-2020;

ഖണ്ഡിക നമ്പർ 42, 43 എന്നിവയിലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-7-2020-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 45)</u>

2075-00-800-89— <u>മറ്റ് ചെലവുകൾ-തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ പെൻഷൻ</u>

2018-19 സാമ്പത്തിക വർഷത്തിൽ 31-12-2018 വരെ 31.07501 ലക്ഷം രൂപ ഈ ശീർഷകത്തിൽ ചെലവായിട്ടുള്ളതിനാലും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തെക്കാൾ അധികതുക ആവശ്യമുള്ളതിനാലും ടി ശീർഷകത്തിൽ അധികമായി 9.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-800-89 (നോൺ പ്ലാൻ) ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 22,50,000 രൂപയ്ക്ക് പുറമേ അധികമായി 17,73,120 രൂപ ഉൾപ്പെടെ ആകെ 40,23,120 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 46)</u>

2075-00-800-83— <u>മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ</u>

2017-2018 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്ന് 18.43 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 31-12-2018 വരെ 14.25 ലക്ഷം രൂപയും ചെലവായിട്ടുള്ളതിനാൽ 2019-2020 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ടിട്ടുള്ള തുകയെക്കാൾ അധികചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 3.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2075-00-800-83 (നോൺ പ്ലാൻ) ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം 15 ലക്ഷം രൂപ വകയിരുത്തുകയും പ്രസ്തുത സാമ്പത്തിക വർഷം അധികമായി 96,534 രൂപ ഉൾപ്പെടെ 15,96,534 രൂപ ചെലവഴിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 51/പോൾ 3/2020/പൊ.ഭ.വ. തീയതി 8-6-2020;

ഖണ്ഡിക നമ്പർ 45, 46 എന്നിവയിന്മേൽ പൊതുഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 23-7-2020-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 47)</u>

2075-00-800-81— <u>മറ്റ് ചെലവുകൾ-കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം</u>

ഹജ്ജ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2018-2019-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ 2017-18, 2018-19 വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകയാൽ ഈ ശീർഷകത്തിൽ അധികമായി 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഹജ്ജ് ഹൗസിനോട് ചേർന്ന് അഡീഷണൽ ബ്ലോക്ക് പണിയുന്നതിനുള്ള പ്രൊപ്പോസൽ നിലനിൽക്കെ 500 ഹാജിമാർക്ക് താമസിക്കാൻ സാധിക്കുന്ന വിധത്തിൽ ഹജ്ജ് ഹൗസിനോട് ചേർന്ന് പുതിയ വനിത ബ്ലോക്ക് പണിയുന്നതിന് പ്രഥമ പരിഗണന നൽകിയിരിക്കുന്നതുകൊണ്ട് അഡീഷണൽ ബ്ലോക്ക് പണിയുന്നത് സംബന്ധിച്ച തുടർ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നതിനാൽ ടി പദ്ധതിക്ക് ഗ്രാന്റ് ഇൻ-എയ്ഡ് ആയി 8 കോടി രൂപ ഇപ്പോൾ ആവശ്യമില്ല.

[സർക്കാർ കത്ത് നമ്പർ 168/ എം.ഡബ്ല്യു. 2/2020/പൊ.ഭ.വ. തീയതി 1-7-2020;

47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-7-2020-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക നമ്പർ 49)

2075-00-800-54— മറ്റ് ചെലവുകൾ - സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസ്സുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക

കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസ്സുകളിൽ വിധിക്കടെ തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസ്സുകളിലെ വിധി തുക അനുവദിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൽ.എ.ആർ. കേസ്സുകളിൽ വിധിക്കടെതുക അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന് അനുവദിക്കപ്പെട്ടിട്ടുള്ള ശീർഷകം 2075-00-800-54, 2075-00-800-83 എന്നിവയാണ്. എന്നാൽ 18-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 32/19/ധന. പ്രകാരം ഈ ശീർഷകങ്ങൾ റദ്ദ് ചെയ്യുകയുണ്ടായി. ആയതുകൊണ്ടുതന്നെ എൽ.എ.ആർ. കേസ്സുകളുടെ തുപ്തീകരണത്തിനായി 2019-20 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട 100 കോടി രൂപപോലും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. വിധിക്കടെതുക അനുവദിക്കുന്നതിലെ കാലതാമസംമൂലം ഓരോ ദിവസവും 15%പലിശയും കൂടെ കൂട്ടിച്ചേർക്കപ്പെടുന്നതിനാൽ ഇത് വൻ സാമ്പത്തികബാദ്ധ്യത സൃഷ്ടിക്കപ്പെടുകയാണ്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി 2075-00-800-54, 2075-00-800-53 എന്നി ശീർഷകങ്ങൾ തിരികെ അനുവദിക്കണമെന്ന് ധനകാര്യവകുപ്പിനോട് പലതവണ അപേക്ഷിച്ചുവെങ്കിലും ഫലം ഉണ്ടായില്ല. അതുകൊണ്ടുതന്നെ എൽ.എ.ആർ. കേസ്സുകളിൽ വിധിക്കടെതുക അനുവദിക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള ശീർഷകം 2075-00-800-54, 2075-00-800-53 എന്നിവ തിരികെ അനുവദിച്ചാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയൂ എന്ന വിവരം സമിതിയെ അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ REV-B1/632/2019-REV തീയതി 20-9-2019; 49-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 10-3-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക നമ്പർ 51)

7610- 00- 201- 99— ഭവനനിർമ്മാണ വായ്പകൾ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ഇന്ത്യാ ഗവൺമെന്റ്, അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പ 25 ലക്ഷമായി ഉയർത്തിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ ഒരു കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപയും സമിതി ശിപാർശ ചെയ്തത് 75 ലക്ഷം രൂപയുമാണ്. എന്നാൽ 2019-20 വർഷം ലഭിച്ച അപേക്ഷയിൽ (01 എണ്ണം) രേഖകൾ പൂർണ്ണമല്ലാത്തതിനാൽ വായ്പ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതം വഴി ലഭിച്ച തുക സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 1265331/എച്ച്.ബി.എ/2019/ധന. തീയതി 3-6-2020;

ഖണ്ഡിക നമ്പർ 51 -ലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-7-2020-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ 54)

2235-60-110-99-06— സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് - വാടക, കരം, നികുതി

കെ.എസ്.ഐ.ഡിയും കെ.ടി.ഡി.എഫ്.സി.- യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 55)

2235-60-110-99-21— സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ്-മോട്ടോർ വാഹനങ്ങൾ

ഇൻഷ്വറൻസ് വകുപ്പിന്റെ ആറ് ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 56 )

2235-60-110-98-01 (4)— ജില്ലാ ഓഫീസുകൾ ശമ്പളം- മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 57)

2235-60-110-97— സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കമ്പ്യൂട്ടർവൽക്കരണം

വിഹിതം : 40 ലക്ഷം രൂപ (പദ്ധതിയേതരം)

സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപ്പണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റൽ, SLI പോളിസി ഫയലുകളുടെ സ്കാനിംഗ് എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 1.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ എസ്റ്റാ ഡി4/1265331/2019/ധന. തീയതി 3-10-2019; 54 മുതൽ 57 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-3-2020-ലെ സമിതിയോഗം അംഗീകരിച്ചു.]

<u>പൊതു ശിപാർശ (ഖണ്ഡിക നമ്പർ 60)</u>

ചെറിയ തുകയുള്ള സ്റ്റാമ്പ് / മുദ്രപ്പത്രങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറിയ തുകയുള്ള സ്റ്റാമ്പ് /മുദ്രപ്പത്രങ്ങൾ ആവശ്യമുള്ളവർ ഇവയുടെ ക്ഷാമം കാരണം ഉയർന്ന വിലയുള്ളവ വാങ്ങാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ട്. കുറഞ്ഞ വിലയുള്ള സ്റ്റാമ്പ് /മുദ്രപ്പത്രങ്ങൾ സ്റ്റോക്കുണ്ടെങ്കിലും കൃത്രിമമായി ദൗർലഭ്യം സൃഷ്ടിച്ച് ഉയർന്ന വിലയുള്ളവ വാങ്ങാൻ ജനങ്ങളെ നിർബന്ധിതരാക്കുന്ന സാഹചര്യം മൂലമാണിതെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിലേക്കായി എല്ലാ സ്റ്റാമ്പ് വെണ്ടർമാരും സ്റ്റാമ്പ് / മുദ്രപ്പത്രങ്ങൾ സംബന്ധിച്ച സ്റ്റോക്ക് വിവരം തങ്ങളുടെ ഓഫീസുകളിൽ പ്രദർശിപ്പിക്കണമെന്നും ട്രഷറി ഓഫീസർമാർ വഴി സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകളിൽ പരിശോധന നടത്തണമെന്നും പരിശോധനയിൽ ടി സ്റ്റോക്ക് വിവരത്തിൽ ക്രമക്കേട് കണ്ടെത്തുന്ന പക്ഷം പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

6-1-2018-ലെ സർക്കുലർ നമ്പർ 02/2018, 7-8-2019-ലെ സർക്കുലർ നമ്പർ 38/2019 എന്നിവ പ്രകാരം മുദ്രപ്പത്രവിൽപ്പനയിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനുമായി സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ ട്രഷറി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ വെളിച്ചത്തിൽ വെണ്ടർമാരുടെ പക്കലുള്ള മുദ്രപ്പത്രത്തിന്റെ സ്റ്റോക്കും ആധികാരികതയും പരിശോധിക്കാനും മുദ്രപ്പത്ര പുനർമൂല്യ നിർണയത്തിന്റെ മറവിൽ ക്രമവിരുദ്ധ നടപടികൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സ്റ്റാമ്പ് വെണ്ടർമാരും സ്റ്റാമ്പ്/ മുദ്രപ്പത്രങ്ങൾ സംബന്ധിച്ച സ്റ്റോക്ക് വിവരം അവരുടെ ഓഫീസുകളിൽ പ്രദർശിപ്പിക്കണമെന്നും, ട്രഷറി ഓഫീസർമാർ സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകളിൽ പരിശോധന നടത്തണമെന്നും, പരിശോധനയിൽ ടി ക്രമക്കേട് കണ്ടെത്തുന്ന പക്ഷം പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ട്രഷറി ഡയറക്ടറുടെ 28-10-2019 തീയതിയിലെ ടി.ആർ.വൈ/12574/2019/എഫ്1/നമ്പർ കത്ത് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ബന്ധപ്പെട്ട ട്രഷറി/സ്റ്റാമ്പ് ഡിപ്പോ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ജെ3/111/2019/നി.വ. തീയതി 3-1-2020, 60-ാം ഖണ്ഡികയിലെ പൊതു ശിപാർശയിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-3-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## അദ്ധ്യായം - II

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ.

| ക്രമ നമ്പർ | ഖണ്ഡിക | വകുപ്പ് |
|---|---|---|
| 1 | 1-13, 15-19, 36-41, 59, 61 | നികുതി |
| 2 | 14, 58 | ഊർജ്ജം |
| 3 | 44 | പൊതുഭരണം |
| 4 | 48 | റവന്യൂ |
| 5 | 50 | ആസൂത്രണസാമ്പത്തികകാര്യം |
| 6 | 52, 53 | ധനകാര്യം |

ഡോ.ടി.എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2020 ജൂലൈ 23.